CULTURAL STUDIES

# എഡിറ്റോറിയലുകളുടെ രാഷ്ട്രീയം- കുമാരനാശാന്റെ മുഖപ്രസംഗങ്ങളെ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണം

**ഡോ. ബീന കെ.**
അസോസിയേറ്റ് പ്രൊഫസർ
മലയാളവിഭാഗം
ഗവ. കോളേജ്, ആറ്റിങ്ങൽ
E-mail: beenaanil9@gmail.com

**സംഗ്രഹം**

കുമാരനാശാന്റെ ഗദ്യസംഭാവനകളിൽ പ്രഥമഗണനീയമാണ് വിവേകോദയം, പ്രതിഭ തുടങ്ങിയ മാസികകൾക്ക് അദ്ദേഹം നൽകിയ മുഖപ്രസംഗങ്ങൾ. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലെ കേരളസമൂഹത്തിന്റെ രാഷ്ട്രീയ സാംസ്കാരിക സാമൂഹിക ചരിത്രത്തിന്റെ വിലപ്പെട്ട രേഖകളാണ് അവ. ആശാന്റെ കാവ്യലോകത്തെ അതിശയിക്കുന്ന ആശയപ്രപഞ്ചവും വിഷയ വൈവിധ്യവും അവയ്ക്കുണ്ട്. ആശാന്റെ ബഹുമുഖ വ്യക്തിത്വം അടയാളപ്പെടുത്തുന്ന ഈ ഗദ്യരചനകളെ അടിസ്ഥാനമാക്കി എഡിറ്റോറിയലുകളുടെ രാഷ്ട്രീയം വിശകലനം ചെയ്യുകയാണ് പ്രബന്ധം.

**താക്കോൽവാക്കുകൾ:** എഡിറ്റോറിയലുകളുടെ രാഷ്ട്രീയം, മുഖപ്രസംഗങ്ങൾ, നവോത്ഥാനകാലപോരാട്ടങ്ങൾ, സാംസ്കാരിക ചലനങ്ങൾ

ഒരു പ്രസിദ്ധീകരണത്തിന്റെ വീക്ഷണരേഖയാണ് അതിന്റെ പത്രാധിപക്കുറിപ്പ്. സാമൂഹിക രാഷ്ട്രീയ ചരിത്രത്തിലേക്കുള്ള ജാലകങ്ങളാണ് പഴയ പത്രാധിപക്കുറിപ്പുകൾ. പത്രാധിപരുടെ വീക്ഷണമനുസരിച്ച് പത്രാധിപക്കുറിപ്പുകളുടെ സ്വഭാവത്തിൽ വ്യത്യസ്തതകളുണ്ടാകാം. അവ വിമർശനാത്മകമോ വിവാദപരമോ ആഹ്വാനപരമോ വ്യാഖ്യാനാത്മകമോ വ്യക്തിനിഷ്ഠമോ ആകാം. ലീഡർ, ലീഡിംഗ് ആർട്ടിക്കിൾ, ഒപ്പീനിയൻ എന്നൊക്കെ വിദേശ രാഷ്ട്രങ്ങളിൽ പരാമർശിക്കപ്പെടുന്ന എഡിറ്റോറിയലുകൾക്ക് വിഷയപരാമർശം, വിഷയത്തിന്റെ സമഗ്രപ്രതിപാദനം, വിശകലനം, നിഗമനം, ഉപസംഹാരം എന്ന ഘടനയാണുള്ളത്.

രാഷ്ട്രീയം, സംസ്കാരം, കല, സമൂഹം, വാണിജ്യം, വ്യാപാരം, കായികം തുടങ്ങിയവയെല്ലാം എഡിറ്റോറിയലുകളുടെ വിഷയമേഖലകളാണ്. മലയാളത്തിലെ ആദ്യകാലപത്രങ്ങൾക്കോ മറ്റ് പ്രസിദ്ധീകരണങ്ങൾക്കോ എഡിറ്റർസ്ഥാനം രേഖപ്പെടുത്തിക്കാണുന്നില്ല. രാജ്യസമാചാരവും പശ്ചിമോദയവും ജർമ്മൻമിഷണറിയായിരുന്ന ജോർജ്ജ്ഫ്രെഡറിക് മുള്ളറുടെ പത്രാധിപത്യത്തിലാണ് രൂപപ്പെട്ടത്.

ഒരു പ്രത്യേകവിഷയത്തെക്കുറിച്ചോ പ്രശ്നത്തെക്കുറിച്ചോ വായനക്കാരെ ബോധവാൻമാരാക്കുക എന്നതാണ് എഡിറ്റോറിയലുകളുടെ അടിസ്ഥാനലക്ഷ്യം. ഒരു മികച്ച എഡിറ്റോറിയൽ നല്ല വീക്ഷണത്തോടെ ഒരഭിപ്രായം പ്രകടിപ്പിക്കണം. രചയിതാവിന്റെ വീക്ഷണത്തെ പിന്തുണയ്ക്കുന്ന തെളിവുകൾ നിർണ്ണായകമാണ്. വസ്തുനിഷ്ഠമായും നിർഭയമായും, പക്ഷപാതരഹിതമായും അത് സത്യത്തെ വെളിപ്പെടുത്തണം. വ്യാഖ്യാനാത്മക എഡിറ്റോറിയലുകൾ നിലവിലെ ഒരു പ്രധാന സംഭവത്തെക്കുറിച്ച് വിവരങ്ങൾ മാത്രം നൽകുന്നു. ഫീച്ചർലേഖനങ്ങൾ പോലെയുള്ളവയിൽ അഭിപ്രായപ്രകടനങ്ങൾക്ക് സ്ഥാനമില്ല. വിമർശനാത്മക എഡിറ്റോറിയലുകൾ പത്രാധിപരുടെ കണ്ണിലൂടെ ഒരു വാർത്ത അവതരിപ്പിക്കുന്നു. കോളങ്ങളും കേന്ദ്രീകൃത ലേഖനങ്ങളും ഉൾക്കൊള്ളുന്ന അവ വായനക്കാരെ സ്വാധീനിക്കുകയും സംഭവങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും പ്രചോദിപ്പിക്കുകയും ചെയ്യുന്നു. വിനോദപരമായലേഖനങ്ങളും അഭിനന്ദനലേഖനങ്ങളുമൊക്കെ എഡിറ്റോറിയലുകളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്.

സത്യത്തിന്റെ നിർഭയമായ വെളിപ്പെടുത്തലുകളായിരുന്നു കുമാരനാശാന്റെ എഡിറ്റോറിയലുകൾ. ആശാന്റെ സാമുദായിക, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക വീക്ഷണങ്ങളെ വ്യക്തമായി അവ പ്രതിഫലിപ്പിക്കുന്നു. ആധുനികകേരളം കണ്ട മഹാകവിയ്ക്ക് സമൂഹവുമായുള്ള ശക്തമായ ബന്ധമാണ് അവയിൽ കാണാനാകുന്നത്. കാവ്യജീവിതം പോലെ തന്നെ ക്രിയാത്മകവും സംഭവബഹുലവുമായ സാമൂഹികജീവിതവും പൊതുജീവിതവും നിലപാടുകളും കാഴ്ചപ്പാടുകളും ആശാന്റെ മുഖപ്രസംഗങ്ങളിൽ ഉൾച്ചേർന്ന് കിടക്കുന്നു. വിവേകോദയം, പ്രതിഭ മാസികകളിൽ അദ്ദേഹം എഴുതിയ മുഖപ്രസംഗങ്ങളിൽ അക്കാലത്തെ രാഷ്ട്രീയം ചർച്ച ചെയ്യപ്പെടുന്നു. കുമാരനാശാന്റെ മുഖപ്രസംഗങ്ങളെ അടിസ്ഥാനമാക്കി എഡിറ്റോറിയലുകളുടെ രാഷ്ട്രീയം വിശകലനം ചെയ്യുകയാണ് ഈ പ്രബന്ധം.

1904 മുതൽ പതിനഞ്ച് വർഷം കുമാരനാശാന്റെ പത്രാധിപത്യത്തിൽ പ്രസിദ്ധീകരിക്കപ്പെട്ട മാസികയാണ് വിവേകോദയം. സമചിത്തതയും വിവേകവും സഹിഷ്ണുതയും മുഖമുദ്രകളാക്കിയിരുന്ന പത്രാധിപക്കുറിപ്പുകളാണ് ആശാൻ എഴുതിയിരുന്നത്. പ്രഭാഷകൻ, നിയമസഭാസാമാജികൻ, സാമൂഹ്യപ്രവർത്തകൻ, കവി എന്നീ നിലകൾക്കപ്പുറം ഉന്നതാശയനായ പത്രാധിപർ കൂടിയായിരുന്നു ആശാൻ. എസ്.എൻ.ഡി. പി. യോഗത്തിന്റെ മുഖപത്രമായ വിവേകോദയത്തിന്റെ ആദ്യ പത്രാധിപർ എം.ഗോവിന്ദനായിരുന്നു. പിന്നീട് പതിനഞ്ച് വർഷം ആശാന്റെ പത്രാധിപത്യത്തിലാണ് വിവേകോദയം പ്രസിദ്ധീകരിച്ചത്. 1903 ൽ രജിസ്റ്റർ ചെയ്യപ്പെട്ട എസ്.എൻ.ഡി.പി യോഗത്തിന്റെ ആദ്യ അദ്ധ്യക്ഷൻ ശ്രീനാരായണഗുരുവും കാര്യദർശി കുമാരനാശാനുമായിരുന്നു. സാമുദായിക സമത്വത്തിന് വേണ്ടിയുള്ള ആദ്യസംഘടിതയത്നമായിരുന്നു അത്. ഗുരുവിന്റെ ആദർശങ്ങൾ പ്രചരിപ്പിക്കുക, അവശസമുദായങ്ങളെ സാമൂഹികവും ആത്മീയവുമായ പുരോഗതിയിലേക്ക് നയിക്കുക, സന്യാസിമഠങ്ങളും വിദ്യാഭ്യാസ സ്ഥാപ

നങ്ങളും നിർമ്മിക്കുക എന്നിവയായിരുന്ന യോഗത്തിന്റെ മുഖ്യലക്ഷ്യങ്ങൾ. യോഗത്തി ന്റെ മുഖപത്രമായ വിവേകോദയവും ഈ ലക്ഷ്യങ്ങളെ മുൻനിർത്തിയാണ് പ്രസിദ്ധീകരിക്കപ്പെട്ടത്. ആശാൻ പത്രാധിപസ്ഥാനം 1919 ൽ ഒഴിഞ്ഞതിനുശേഷം ഏറെക്കാലം നിഷ്ക്രിയാ വസ്ഥയി ലായിരുന്ന വിവേകോദയംമാസിക സി.ആർ. കേശവൻവൈദ്യരാണ് പുനരുജ്ജീവിപ്പിച്ചത്. 1958ൽ തോന്നയ്ക്കലിൽ സ്ഥാപിതമായ കുമാരനാശാൻനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൾച്ചർ (KANIC) ആണ് ഇപ്പോൾ വിവേകോദയം ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്നത്. വിവേ കോദയത്തിന്റെ പ്രവർത്തനലക്ഷ്യത്തെപ്പറ്റി പ്രഥമലക്കത്തിൽ കുമാരനാശാൻ ഇപ്രകാരം പ്രസ്താവിക്കുന്നു. 'യോഗസംബന്ധമായ വരവ് ചെലവ് കണക്കുകൾ, യോഗത്തിൽ അപ്പോ ഴപ്പോഴുണ്ടാകുന്ന നിയമങ്ങൾ, നടപടികൾ മുതലായ സംഗതികൾ എല്ലാ യോഗാംഗങ്ങളും യോഗത്തോട് മമതയുള്ളവരും അറിഞ്ഞിരിക്കുന്നതിലേക്കായി യോഗത്തിന്റേയും അവരുടേയും മദ്ധ്യേ ഒരു ദൂതസ്ഥാനം വഹിക്കുന്നതാകുന്ന വിവേകോദയത്തിന്റെ മുഖ്യോദ്ദേശ്യം എന്നാൽ സമുദായത്തിന്റെ യോഗക്ഷേമങ്ങൾക്ക് പൊതുവിൽ ഗുണപ്രദങ്ങളായ മാർഗ്ഗങ്ങളെ വിവേക പൂർവ്വം ഉപദേശിക്കുകയും ദോഷകരങ്ങളായവയെ ന്യായമായി ചൂണ്ടിക്കാണിക്കുകയും ആചാ രപരിഷ്കരണാദികളിൽ ദൂരസ്ഥരായ സമുദായാംഗങ്ങൾക്ക് തമ്മിൽ ഏകമതാനുവർത്തിത്വം, പരസ്പരസഹായസഹകരണം, ഇവയെപ്പറ്റി സാമാന്യമായും സവിശേഷമായും ഉപന്യസിക്കു കയും ഐകമത്യം, സമുദായസ്നേഹം, ഭക്തി, സദാചാരം, ഇവയെ വർദ്ധിപ്പിക്കുന്നതിനായി സമുദായത്തെ വേണ്ട പോലെ ഗുണദോഷിക്കുകയും മറ്റും ചെയ്യുന്നതിന് യോഗത്തിന്റെ ശക്തി മത്തായ ഒരു വാഗിന്ദ്രിയമായിരിക്കുക എന്നുള്ളതും ഇതിന്റെ ഉദ്ദേശ്യങ്ങളിൽ അതുപോലെ തന്നെ പ്രാധാന്യമുള്ള ഒന്നാകുന്നു.[1]

ശ്രീനാരായണധർമ്മപരിപാലനയോഗത്തിന്റെ രൂപവത്കരണത്തിന് പരോക്ഷമായ പ്രചോദനം നൽകിയത് സ്വാമിവിവേകാനന്ദനായിരുന്നു. അതിനാലാകണം മാസികയ്ക്ക് വി വേകോദയം എന്ന പേര് നൽകിയത്. ഭാരതീയരുടെ ഉത്ക്കർഷത്തിന് സ്വാമിവിവേകാനന്ദൻ ആദർശവാക്യമായി സ്വീകരിച്ചിരുന്ന 'ഉത്തിഷ്ഠത ജാഗ്രത, പ്രാപ്യവരാൻ നിബോധിത' എന്ന കഠോപനിഷത് വാക്യമാണ് വിവേകോദയവും ആദർശമായി സ്വീകരിച്ചത്. വിവേകോദയ ത്തിന്റെ ഒന്നും രണ്ടും ലക്കങ്ങളിലായി സ്വാമിവിവേകാനന്ദന്റെ നാല്പതോളം വാക്യങ്ങൾ ഉദ്ധരിച്ചിട്ടുണ്ട്. വിവേകോദയത്തിന്റെ ഒന്നാംവർഷത്തിലെ ആറുലക്കങ്ങൾ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് വിവേകോദയം ഏകദശോത്തരശതാബ്ദിപ്പതിപ്പായി പുനഃ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അരുവിപ്പുറം ശ്രീനാരായണധർമ്മ പരിപാലനയോഗം വകയായ ഒരു ദ്വിമാസാന്ത പുസ്തകം എന്നാണ് എം ഗോവിന്ദൻ എഡിറ്ററായ ആദ്യലക്കത്തിൽ രേഖപ്പെടുത്തി യിരിക്കുന്നത്. സമകാലികസംഭവങ്ങൾ, സർക്കാരിനെതിരായ വിമർശനങ്ങൾ, ഈഴവരുടെ വിദ്യാഭ്യാസ, തൊഴിൽ അവസരങ്ങൾ എന്നിവ എഡിറ്റോറിയലുകളിലെ വിഷയങ്ങളായിരുന്നു. സാഹിത്യമണ്ഡലത്തിലെ വിമർശനങ്ങൾക്കും ആശാൻ വിവേകോദയത്തിൽ ഇടം കണ്ടെത്തി. വള്ളത്തോൾ, ഉള്ളൂർ, പന്തളംകേരളവർമ്മ എന്നിവരുടെ മഹാകാവ്യങ്ങൾക്കുള്ള വിമർശനാ ത്മകനിരൂപണം വിവേകോദയത്തിലാണ് പ്രസിദ്ധീകരിച്ചത്. മൗലികമായ ഉപന്യാസങ്ങളും വിവർത്തനകൃതികളും നിരൂപണങ്ങളും മാസികയിൽ ഇടം നേടി.

1919 ൽ വിവേകോദയത്തിന്റെ പത്രാധിപസ്ഥാനം ഒഴിഞ്ഞതിന് ശേഷം ചെറായിയിൽ പ്രതിഭ എന്ന മാസിക ആശാന്റെ പത്രാധിപത്യത്തിൽ 1920-21 കാലയളവിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഇതിന്റെ പ്രവർത്തനലക്ഷ്യം വിവേകോദയത്തിന് സമാനമായിരുന്നു. 11 മാസം മാത്രമേ പ്രതിഭമാസിക പ്രസിദ്ധീകരിക്കപ്പെട്ടുള്ളൂ. കവിയെന്ന നിലയിൽ നിത്യസ്മരണീയനായിത്തീർന്ന കുമാരനാശാൻ സാമുദായികവും രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിൽ സജീവമായി ഇടപെട്ടിരുന്നതിന്റെ നിദാനങ്ങളാണ് അദ്ദേഹം വിവേകോദയത്തിനെഴുതിയ മുഖപ്രസംഗങ്ങൾ. പൊതുജീവിതത്തിലെ യാഥാർത്ഥ്യങ്ങൾ നിർഭയമായും സുതാര്യമായും ശുഭപ്രതീക്ഷയോടെ അവതരിപ്പിക്കപ്പെട്ടു. ആശാന്റെ ഗദ്യലേഖനങ്ങൾ കാവ്യാത്മകമായി എഴുതപ്പെട്ടവയല്ല. പൊതുകാര്യപ്രസക്തനായ, സാമൂഹ്യബോധത്താൽ പ്രേരിതനായ ഒരു പൗരനെന്ന നിലയിലുള്ള യുക്തിഭദ്രമായ അഭിപ്രായങ്ങളും ശക്തമായ ആശയാവതരണങ്ങളുമാണ് അവയിൽ കാണാനാവുക. കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ എന്ന കൃതിയുടെ അവതാരികയിൽ ആശാനെക്കുറിച്ച് "പ്രത്യേക വിഷയങ്ങളെ അധികരിച്ചെഴുതിയ മുഖപ്രസംഗങ്ങളിൽ അദ്ദേഹം സമുദായത്തിന്റെ പ്രതിനിധിയല്ല. സാമൂഹ്യജീവിയായ വ്യക്തി, നല്ലതലയെടുപ്പുള്ള വ്യക്തി" എന്ന് എം.കെ.സാനു രേഖപ്പെടുത്തുന്നു[2].

മനുഷ്യരായി കഴിഞ്ഞുകൂടാനുള്ള സ്വാതന്ത്ര്യമില്ലാത്ത, അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന ജനതയുടെ അവകാശങ്ങൾ അനുവദിച്ച് കിട്ടാനുള്ള യുക്തികളും പരിഹാരങ്ങളും നിർദ്ദേശിക്കുകയെന്നതും ആശാൻ തന്റെ മുഖപ്രസംഗങ്ങളിലൂടെ നടത്തിയിരുന്നു. ഉന്നതാശയങ്ങളെ ഒരു മിതവാദിയുടെ സൗമ്യസ്വരത്തിൽ അവതരിപ്പിക്കാൻ ആശാന് കഴിഞ്ഞു. സത്യം, സമത്വം, സ്നേഹം എന്നിവയാൽ ഭൂമിയെ സ്വർഗ്ഗമാക്കി മാറ്റാമെന്നു വിശ്വസിച്ച ആശാന് ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗം സത്ധർമ്മത്തിന്റേതായിരുന്നു. അതിൽ ഉറച്ചുനിന്നാണ് അദ്ദേഹം സാമൂഹിക വിമർശനം നടത്തുന്നതും. 1917 ൽ ഗാന്ധിജിയുടെ വ്യക്തിവൈശിഷ്ട്യം പ്രകീർത്തിച്ചുകൊണ്ട് മുഖപ്രസംഗമെഴുതി. ഗാന്ധിജിയുടെ ഉപദേശങ്ങളെ ഉൾക്കൊള്ളാനും പ്രവർത്തനങ്ങളെ മാതൃകയാക്കാനും മുഖപ്രസംഗങ്ങളിലൂടേയും കുറിപ്പുകളിലൂടേയും ആശാൻ ഉദ്ബോധിപ്പിക്കുന്നു. ആശാന്റെ ബഹുമുഖവ്യക്തിത്വം അനാവരണം ചെയ്യുമ്പോൾ ലൗകികനും സമുദായ നേതാവുമായ കുമാരനാശാനാണ് ഡയറിക്കുറിപ്പുകളിൽ പ്രത്യക്ഷപ്പെടുന്നതെന്ന് എം.കെ.സാനു സാക്ഷ്യപ്പെടുത്തുന്നുണ്ട്.[3]

വിപ്ലവത്തെ അനുകൂലിച്ചിരുന്നില്ലെങ്കിലും പിൻതിരിപ്പൻ മനോഭാവം ആശാനുണ്ടായിരുന്നില്ല. ഭരണാധികാരികളുടെ സ്നേഹവിശ്വാസങ്ങളോടു കൂടിത്തന്നെ സാമൂഹികപുരോഗതി കൈവരിക്കാമെന്ന ചിന്തയാണ് ആശാനുണ്ടായിരുന്നത്. വിവേകോദയത്തിൽ ആശാൻ എഴുതിയ മുഖപ്രസംഗങ്ങളും ശ്രീമൂലം പ്രജാസഭയിൽ അദ്ദേഹം ചെയ്ത പ്രസംഗങ്ങളും ഭരണാധികാരികളെ സ്വകർത്തവ്യനിർവ്വഹണത്തിന് പ്രേരിപ്പിക്കുന്നതായിരുന്നു എന്ന് ടി.കെ.രവീന്ദ്രൻ നിരീക്ഷിക്കുന്നുണ്ട്.[4]

വിവേകോദയത്തിൽ ആശാന്റെ സാമുദായിക കവിതകളും പ്രസിദ്ധീകരിച്ചിരുന്നു. പത്രാധിപർ എന്ന നിലയിൽ ആശാന്റെ പ്രാഗത്ഭ്യത്തെ പി. കെ. ബാലകൃഷ്ണൻ ഇപ്രകാരം വിലയിരുത്തുന്നു. "സാഹിത്യയത്നങ്ങൾക്കായി കവിയെ നിർബന്ധിക്കുന്ന ഒരു നിയോഗം സമുദായ നേതാവിന്റെ നിലയിൽത്തന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. വിവേകോദയത്തിന്റെ പത്രാ


ISSN: 2582 - 2594

ധിപത്യം, എത്ര പ്രഗത്ഭമായിട്ടാണ് അദ്ദേഹം ആ ചുമതല നിറവേറ്റിയിരുന്നതെന്ന് പഴയ വിവേകോദയം ഫയലുകൾ ഓടിച്ചുനോക്കിയാൽ ബോദ്ധ്യമാകും. സമുദായത്തിന്റെ സംഘടനാരംഗത്തെ പ്രവർത്തനത്തിൽ വെളിച്ചം വീശിക്കൊണ്ട്, ലോകവിജ്ഞാന രംഗത്തേക്ക് അനേകം ജാലകങ്ങൾ പത്രാധിപർ അതിൽ തുറന്ന് വച്ചിരുന്നു. ലോകസാഹിത്യത്തിന്റെ നാനാതുറകളുമായി അദ്ദേഹത്തിനുണ്ടായിരുന്ന സമ്പർക്കത്തിന് തെളിവാണ് ഇംഗ്ലീഷിൽ നിന്ന് പരിഭാഷ ചെയ്ത് വിവേകോദയത്തിൽ സുലഭമായി വന്നുകൊണ്ടിരുന്ന ലേഖനഭാഗങ്ങൾ. പത്രത്തിന്റെ ഉള്ളടക്കം തയ്യാറാക്കാനും അദ്ദേഹം സമയം മെനക്കെടുത്തിയിരുന്നുവെന്ന് സ്പഷ്ടം. പത്രാധിപരുടെ പേരിനോട് താദാത്മ്യം പ്രാപിച്ചിരുന്ന ഒരു പത്രമാണ് വിവേകോദയം"[5].

സ്വന്തം സമുദായത്തിന്റെ അവകാശങ്ങൾക്ക് വേണ്ടി വിട്ടുവീഴ്ചയില്ലാതെ വാദിക്കുമ്പോൾ തന്നെ അന്നത്തെ സവർണ്ണസമുദായങ്ങളുടെ നേർക്ക് അനന്യമായ ആദരവ് പ്രദർശിപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ പത്രക്കുറിപ്പുകൾ നിദാനങ്ങളാണ്. മനുഷ്യരെല്ലാം ഒരു ജാതിയാണെന്ന് പ്രഖ്യാപിച്ച ഗുരുവിൽ നിന്നുൾക്കൊണ്ട ജീവിതവീക്ഷണമായിരുന്നു അത്. വിവേകോദയത്തിന് ആശാൻ എഴുതിയിട്ടുള്ള മുഖപ്രസംഗങ്ങൾ അധികവും സാമുദായികവും വിദ്യാഭ്യാസപരവും രാഷ്ട്രീയപരവുമായിരുന്നു. സാമൂഹ്യപരിവർത്തനം ലക്ഷ്യമാക്കിയും ധാരാളം എഡിറ്റോറിയലുകൾ ഉണ്ടായി. സാംസ്കാരിക ചലനങ്ങളേയും വ്യവസായത്തേയും സംബന്ധിച്ചും പ്രസക്തങ്ങളായ എഡിറ്റോറിയലുകൾ ഉണ്ട്. സാമുദായികപരിഷ്കരണം ലക്ഷ്യമാക്കിയ മുഖപ്രസംഗങ്ങളാണ് ഏറ്റവും കൂടുതൽ.

സമകാലികരാഷ്ട്രീയകാര്യങ്ങളിൽ കുമാരനാശാനുണ്ടായിരുന്ന ആഭിമുഖ്യം പ്രതിഭാമാസികയിൽ രാജഗോപാലാചാരിയെ അനുമോദിച്ച് കൊണ്ടെഴുതിയ മുഖപ്രസംഗങ്ങളിൽ വ്യക്തമാണ്. "സർ.പി.രാജഗോപാലാചാരി ഇല്ലായിരുന്നുവെങ്കിൽ പുലയൻ മുതലായ സാധുവർഗ്ഗക്കാർക്ക് തിരുവിതാംകൂർ പ്രജാസഭയിൽ പ്രാതിനിധ്യം അനുവദിക്കുന്ന കാര്യം ഇന്നും ആലോചനയിൽ വരുമായിരുന്നുവോ എന്നുകൂടി സംശയമാണ്."[6] ജനപ്രതിനിധി സഭ, ശ്രീമൂലം പ്രജാസഭ, ദിവാൻമാരായിരുന്ന വി പി മാധവരായർ, പി. രാജഗോപാലാചാരി എന്നിവരുടെ പ്രവർത്തനങ്ങൾ പ്രജാസഭയിലെ സാമുദായിക പ്രാതിനിധ്യം, തിരുവിതാംകൂറിലെ രാജ്യഭരണകാര്യങ്ങൾ, തിരുവിതാംകൂർ നിയമനിർമ്മാണസഭ എന്നിവയുമായി ബന്ധപ്പെട്ട് വിവേകോദയത്തിൽ എഴുതിയ മുഖപ്രസംഗങ്ങൾ അക്കാലത്തെ രാഷ്ട്രീയസാമൂഹിക ചരിത്രത്തിലേക്കുള്ള ജാലകങ്ങളാണ്.

വിദ്യാഭ്യാസകാര്യങ്ങൾക്കായി നീക്കിവച്ചിരുന്ന മുപ്പതോളം മുഖപ്രസംഗങ്ങൾ മിക്കവയും ഈഴവരെ സർക്കാർസ്കൂളിൽ പ്രവേശിപ്പിക്കുക, അതിനായുള്ള ഫണ്ട് കണ്ടെത്തുക, ആയുർവ്വേദപാഠശാലയിൽ പ്രവേശനം അനുവദിക്കുക, ഭാഷാപാഠശാലകൾ തുറക്കുക, സംസ്കൃതപാഠശാലയിൽ പ്രവേശനം അനുവദിക്കുക എന്നീ ആവശ്യങ്ങൾക്കായുള്ള പ്രവർത്തനങ്ങളെക്കുറിച്ചുള്ളവയാണ്.

ഡോ. പല്പു, സി. കൃഷ്ണൻ, പി വേലായുധൻ, മന്നത്തു കൃഷ്ണൻ നായർ, കേരളവർമ്മ വലിയകോയിത്തമ്പുരാൻ, സി ശങ്കരൻ നായർ, എസ് പത്മനാഭ പണിക്കർ തുടങ്ങി 19-ാം നൂറ്റാണ്ടിന്റെ അവസാനവും 20-ാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിലുമായി ജീവിച്ചിരുന്ന നിരവധി മഹത്‌വ്യക്തികളുടെ പ്രവർത്തനങ്ങളെ മുഖപ്രസംഗങ്ങളിൽ ആശാൻ ഉൾക്കൊള്ളിച്ചിരിക്കുന്നു.

കുമാരനാശാന്റെ മതദർശനം വെളിപ്പെടുത്തുന്ന ധാരാളം മുഖപ്രസംഗങ്ങൾ ഉണ്ട്. ആശാൻ വേദാന്തമതസ്വരൂപം വെളിപ്പെടുത്തുകയും മതപരിവർത്തനത്തെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നുണ്ട്. സാംസ്കാരിക ചലനങ്ങളെ പറ്റി തത്സമയം സമുദായാംഗങ്ങളെ ബോധവാൻമാരാക്കാൻ ആശാൻ തന്റെ മുഖപ്രസംഗങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചു. തദ്ദേശീയ വ്യവസായങ്ങളെ വളർത്താനും കൈത്തൊഴിലുകൾ പുതിയ സാങ്കേതികവിദ്യയുടെ സഹായത്താൽ വികസിപ്പിച്ച് സാമൂഹിക സാമ്പത്തിക പുരോഗതി കൈവരിക്കാനും മുഖപ്രസംഗങ്ങളിലൂടെ ആശാൻ ഉദ്ബോധിപ്പിച്ചു. 'ഈഴവഗസറ്റ്' എന്ന് വിശേഷിപ്പിക്കപ്പെട്ടിരുന്ന വിവേകോദയത്തിലെ ലേഖനങ്ങളും മുഖപ്രസംഗങ്ങളും അത്ഭുതകരമായ വിഷയവൈവിധ്യം ഉൾക്കൊണ്ടിരുന്നുവെന്നതാണ് യാഥാർത്ഥ്യം.

കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദങ്ങളിൽ കേരളസമൂഹത്തിലുണ്ടായ പരിണാമങ്ങളെ കൃത്യമായി പ്രതിഫലിപ്പിക്കുന്ന ചരിത്രരേഖകളാണ്. കേരളത്തിലെ നവോത്ഥാനപ്രവർത്തനങ്ങളുടെ ഭാഗമായ പോരാട്ടം തന്നെയായിരുന്നു പത്രാധിപരായിരുന്ന ആശാനും വിവേകോദയത്തിലൂടെ നിറവേറ്റിയത്. ആശാന്റെ ബഹുമുഖവ്യക്തിത്വം തിരിച്ചറിയപ്പെടുന്നതിനുള്ള ആധികാരികരേഖകളാണ് അദ്ദേഹത്തിന്റെ മുഖപ്രസംഗങ്ങൾ.

### കുറിപ്പുകൾ

1. വിവേകോദയം, പുസ്തകം 1, നമ്പർ 1, പുറം 3
2. ജി. പ്രിയദർശനൻ, കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ, അവതാരിക
3. എം.കെ. സാനു, മൃത്യുഞ്ജയം കാവ്യജീവിതം, പുറം 235
4. ഡോ.എം എം ബഷീർ, കുമാരനാശാന്റെ രചനാശില്പം, പുറം 293
5. പി കെ ബാലകൃഷ്ണൻ, കാവ്യകല കുമാരനാശാനിലൂടെ, പുറം 68
6. ജി.പ്രിയദർശനൻ, കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ, പുറം 173

### ഗ്രന്ഥസൂചി

1. പ്രിയദർശനൻ, ജി., 2012, കുമാരനാശാന്റെ മുഖപ്രസംഗങ്ങൾ, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ
2. ബഷീർ, എം.എം. ഡോ, 2017, കുമാരനാശാന്റെ രചനാശില്പം ഹസ്തലിഖിതങ്ങളെ ആധാരമാക്കി ഒരു പഠനം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, തിരൂർ
3. ബാലകൃഷ്ണൻ, പി കെ., 2006, കാവ്യകല കുമാരനാശാനിലൂടെ, ഡി.സി ബുക്ക്സ്, കോട്ടയം
4. സാനു, എം.കെ., 2004, മൃത്യുഞ്ജയം കാവ്യജീവിതം, ഡി സി ബുക്ക്സ്, കോട്ടയം.

### ആനുകാലികങ്ങൾ

1. വിവേകോദയം ഏകദശോത്തരശതാബ്ദിപ്പതിപ്പ്, 2015, കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്, തോന്നയ്ക്കൽ, തിരുവനന്തപുരം.

### English

1. Ravindran, T.K, 1972, Asan and Social Revolution in Kerala, A Study of his Assembly Speeches, Trivandrum, Kerala Historical Society.

 ISSN: 2582 - 2594